# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org.


No. A9-2435/2021

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത്.

തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ 2021 **ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31** കൂടിയ കാലയളവിൽ ക്ഷേത്രത്തിൽ വഴിപാട് ആയി ലഭിക്കുന്ന ആടുകൾ അതാത് ദിവസം തൂക്കം എടുത്ത് കൊണ്ടു പോകുന്നതിനുള്ള അവകാശം **2021 മാർച്ച് മാസം 15-ാം തിയ്യതി ഉച്ചതിരിഞ്ഞ് 2.00 മണിയ്ക്ക്** സീൽഡ് ടെണ്ടർ സ്വീകരിച്ച് അവകാശം ഏൽപ്പിക്കുന്നതിന തീരുമാനിച്ചിരിക്കുന്നു. ആടുകൾ കി.ഗ്രാം 1 ക്ക് എന്തു വിലയ്ക്ക് എടുക്കാമെന്നുള്ളതിന ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

ടെണ്ടറുകൾ സമർപ്പിക്കുന്നവർ പേർ ഒന്നുക്ക് 50,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ എന്ന പേരിൽ (തൃശൂരിൽ മാറാവുന്നത.) **2021 മാർച്ച് മാസം 15-ാം തിയ്യതി ഉച്ചതിരിഞ്ഞ് 2 മണിയ്ക്ക്** കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രത്യേക ഗവൺമെന്റ് ഉത്തരവ് പ്രകാരം നിരതദ്രവ്യം സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ നിരതദ്രവ്യം വെക്കേണ്ടതില്ല. ആയതിന്റെ രേഖ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ടെണ്ടർ നിരസിക്കുന്നതാണ്.

ആടുകൾ കി.ഗ്രാം 1 ക്ക് എത്ര രൂപയ്ക്ക് എടുക്കാം എന്നുള്ളതിന വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ കവറിനു മുകളിൽ ശ്രീകുരുംബ ഭഗവതി **ആട് ടെണ്ടർ 2021-2022** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ടെണ്ടർ **2021 മാർച്ച് മാസം 15-ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണിയ്ക്ക്** ഹാജർ ഉള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തൃശൂർ ബോർഡോഫീസിൽ വെച്ച് തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടറുകാരൻ അതാതു ദിവസം വരുന്ന ആടുകളെ അന്നേ ദിവസം തന്നെ വൈകുന്നേരത്തിനുള്ളിൽ ഒന്നിച്ചോ, പലപ്പോഴായോ തൂക്കം വാങ്ങേണ്ടതും ആയതിന്റെ വില കണക്കാക്കി തൽസമയം തന്നെ ദേവസ്വത്തിൽ അടയ്ക്കേണ്ടതുമാണ്.

ടെണ്ടർ ദേവസ്വത്തിന ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തി വെക്കുന്നതിനോ വകുപ്പിന ഗുണകരമാകും വിധം ടി അവകാശം മറ്റൊരാളെ ഏൽപ്പിക്കുന്നതിനോ, മറ്റു യുക്തമെന്ന് തോന്നുന്ന തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. അഹിന്ദുക്കളെ ലേലത്തിൽ പങ്കു ചേരുവാൻ അനുവദിക്കുന്നതല്ല.

നിരതദ്രവ്യം സംഖ്യ ഏൽപ്പന കാലമായ 2022 മാർച്ച് 31 നുശേഷം ടിയാന്റെ പേരിൽ ബാധ്യതകളൊന്നും തന്നെ ഇല്ലായെന്ന് ഉറപ്പ് വരുത്തിയ ശേഷം തിരികെ നൽകുന്നതാണ്.

ടെണ്ടർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ക്ഷേത്രത്തിൽ നിന്നും അതാത് ദിവസം സ്വന്തം ഉത്തരവാദിത്വത്തിൽ ദേവസ്വം ഉദ്യോഗസ്ഥനെ തൂക്കം ബോധ്യപ്പെടുത്തി ഏറ്റെടുത്ത് കൊണ്ടുപോകേണ്ടതും, അതാത് ദിവസത്തെ ടെണ്ടർ നിരക്ക് പ്രകാരമുള്ള സംഖ്യ ദേവസ്വത്തിൽ അടച്ച് ടെണ്ടറുക്കാരൻ രശീതി കൈപറ്റേണ്ടതുമാണ്. സംഖ്യ കൃത്യ സമയത്ത് അടക്കുന്നത് വീഴ്ച വരുത്തിയാൽ ക്രമപ്രകാരം 20% പലിശ സഹിതം കുടിശ്ശിക അടക്കേണ്ടതാണ്.

ടെണ്ടറുകാരൻ ദേവസ്വത്തിലേക്ക് നഷ്ടം വരുത്തുന്ന രീതിയിൽ എന്തെങ്കിലും പ്രവൃത്തിക്കുകയോ മറ്റോ ചെയ്താൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതും അതിൽ വെച്ച് ലാഭം ഉണ്ടായാൽ ടിയാന അവകാശം ഇല്ലാത്തതും നഷ്ടം ഉണ്ടായാൽ ടിയാനിൽ നിന്ന് നിയമാനുസൃത നടപടികളിലൂടെ വസൂൽ ചെയ്യുന്നതുമാകുന്നു.

ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേലക്കാരന്റെ ചിലവിൽ നിയമാനുസൃതമായ മുദ്രപത്രത്തിൽ ദേവസ്വത്തിൽ നിന്ന് നിശ്ചയിക്കുന്ന നിബന്ധനകൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു കച്ചീട്ട് ദേവസ്വം മാനേജർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

ഈ ലേലത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ അിറയുവാൻ ആഗ്രഹിക്കുന്നവർ തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ് (0480-2802446), ശ്രീദേവസ്വം ഓഫീസ്(0480-2803061), കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ് (0487-2331124), എന്നീ സ്ഥലങ്ങളിൽ പ്രവർത്തി സമയങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഒപ്പ്

സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ

കൊച്ചിൻ ദേവസ്വം ബോർഡ്

തൃശൂർ

02/03/2021